# ലക്ഷങ്ങൾ പിറന്നു വീണ കരങ്ങൾ

**ചെറിയാൻ സി. ജോൺ**



ധരിച്ചിരിക്കുന്ന പാൻറ് മുട്ടിനു താഴെ വരെ മുകളിലേക്ക് മടക്കിവച്ച് റബർ ചപ്പലുമിട്ട് നീണ്ട താടിയും മുടിയുമായി ആശുപത്രി വരാന്തയിലൂടെ നടക്കുന്ന വ്യക്തിയെ ഒറ്റനോട്ടത്തിൽ കണ്ടാൽ ശുചീകരണത്തൊഴിലാളിയാണെന്ന് ആർക്കെങ്കിലും തോന്നിയിട്ടുണ്ടെങ്കിൽ അവരെ കുറ്റം പറയാനാവില്ല. ഇനി ആശുപത്രിയിലെ ഏതെങ്കിലും ബെഞ്ചിൽ ചുരുണ്ട് കിടന്നുറങ്ങുന്ന ഒരാളെ കണ്ടാൽ ഏതോ രോഗിയുടെ കൂട്ടിരുപ്പുകാരനാണെന്ന് ആർക്കെങ്കിലും തോന്നിയാൽ അവരെയും കുറ്റം പറയാനാവില്ല. എന്നാൽ ഈ മഹത്‌വ്യക്തിയെ അറിയാവുന്നവർക്ക് അറിയാം ഇത് ഡോക്ടർ ജയചന്ദ്രനാണെന്ന്. പന്തളം ചിത്ര സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ ഉടമയും കേരളത്തിലെ പ്രശസ്ത സ്ത്രീരോഗ വിദഗ്ധനുമായ ഡോക്ടർ ജയചന്ദ്രൻ.


യാത്ര ചെയ്യുമ്പോഴും വേഷത്തിന് മാറ്റമൊന്നുമില്ല. മുറിക്കൈയൻ ഷർട്ടും തോളിൽ ഒരു തുണിസഞ്ചിയും വള്ളിച്ചെരുപ്പും തന്നെ വേഷം. പന്തളത്തുനിന്ന് തിരുനെൽവേലിയിലേക്ക് ഒരിക്കൽ അദ്ദേഹത്തോടൊപ്പം യാത്രചെയ്ത പന്തളം സ്വദേശിയും ടിൻസ് ഇവന്റ്സ് ഉടമയുമായ റ്റിജു ആ യാത്രാനുഭവം വിവരിച്ചു– "ഒരു ഡോക്ടറുടെ വേഷവിധാനം സംബന്ധിച്ച് നമ്മൾ പുലർത്തിവരുന്ന കാഴ്ച്ചപ്പാട് തിരുത്തുന്ന വേഷമാണ് അദ്ദേഹത്തിന്റേത്."




ഇങ്ങനെയും ഒരു ഡോക്ടറോ എന്ന് നെറ്റി ചുളിക്കാൻ വരട്ടെ. അതെ... അങ്ങനെ ഒരു ഡോക്ടറുണ്ട്. കേരളത്തിൽ, പത്തനംതിട്ട ജില്ലയിലെ പന്തളം ദേശത്തെ ഡോക്ടർ ജയചന്ദ്രൻ. പുതുതലമുറയിലെ പല ഡോക്ടർമാരും, മക്കളെ ഡോക്ടറാക്കാൻ വേവലാതി പൂണ്ട് ഓടിനടക്കുന്ന രക്ഷകർത്താക്കളും, മിഷൻ ആശുപത്രിയുടെ പേരിൽ രോഗികളെ പിഴിയുന്ന മാനേജ്മെന്റുകളും കണ്ടുപഠിക്കേണ്ട ഒരു ഡോക്ടർ. ഡോ. ജയചന്ദ്രന്റെ സ്വദേശം തിരുനെൽവേലിയാണ്. കുട്ടികാലം മുതൽ ലഭിച്ചിരുന്ന മികച്ച വിജയമാണ് ഒരു ഡോക്ടർ ആകുവാനുള്ള പ്രചോദനം.

72 വർഷം മുമ്പ് തമിഴ്നാട്ടിലെ ശങ്കരൻകോവിലിന് അടുത്തുള്ള കുരുവികുളം ഗ്രാമത്തിൽ ലക്ഷ്മണ നായിക്കിന്റെയും ഗുരുഅമ്മാളിന്റെയും ആറുമക്കളിൽ ഏക ആൺതരിയായി ആണ് ഡോ. ജയചന്ദ്രൻ ജനിക്കുന്നത്.

തിരുനെൽവേലി മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസും, മദ്രാസ് മെഡിക്കൽ കോളേജിൽനിന്ന് മാസ്റ്റർ ബിരുദവും നേടി കുടുംബത്തിന് രക്ഷയാകാനാണ് കേരളത്തിലേക്ക് വണ്ടി കയറിയത്. പന്തളം എൻ.എസ്.എസ് ആശുപത്രിയിലായിരുന്നു ആദ്യ സേവനം. സ്ത്രീരോഗ വിഭാഗത്തിലെ ഉയർച്ചയ്ക്ക് പന്ത്രണ്ട് വർഷത്തെ അവിടുത്തെ സേവനം മുതൽക്കൂ



ട്ടായി. പിന്നീട് രണ്ടു വർഷം അർച്ചന ആശുപത്രിയിൽ ജോലി ചെയ്തു. സ്വന്തമായി ഒരു സ്ഥാപനമെന്ന ആഗ്രഹം മനസ്സിൽ ഉണ്ടായപ്പോൾ 2002-ൽ ചിത്രാ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിക്ക് തുടക്കംകുറിച്ചു. ഇപ്പോൾ 250 കിടക്കകളും, അതോടൊപ്പം ഒരു നേഴ്സിങ് കോളജും പ്രവർത്തിക്കുന്നു. ഒറ്റ നിലയിൽ ആരംഭിച്ച സ്ഥാപനം ഇന്ന് ബഹുനില മന്ദിരമായി ഉയർന്നു. അപ്പോഴും ഡോക്ടർ ജയചന്ദ്രൻ ഇരുന്നിരുന്ന മുറിക്ക് മാറ്റമില്ല.

ഇന്ന് പന്തളം ചിത്ര ആശുപത്രി പല വിഭാഗങ്ങളുള്ള മൾട്ടി സ്പെഷ്യലിറ്റി ആശുപത്രിയാണ്. ഇൻഫെർട്ടിലിട്ടി ചികിത്സയും ഇപ്പോൾ ഇവിടെ ലഭ്യമാണ്. മിതമായ ചികിത്സാ ഫീസ് മാത്രം. ഇനി ആർക്കെങ്കിലും അതിനും ബുദ്ധിമുട്ടുണ്ടെങ്കിൽ ഉള്ളത് കൊടുത്താലും, ഇനി ഒന്നുമില്ലെങ്കിലും ഡോ.ജയചന്ദ്രന് പരാതിയില്ല. പന്തളത്തെത്തിയപ്പോൾ ഉപയോഗിച്ചിരുന്ന അംബാസഡർ കാർ തന്നെയാണ് ഇപ്പോഴും യാത്രയ്ക്ക് ആശ്രയിക്കുന്നത്. ഒരുലക്ഷത്തിലധികം കുഞ്ഞുങ്ങൾ പിറന്നുവീണ കൈകൾ. ഇപ്പോഴും ദിനംതോറും നൂറിലധികം കേസുകൾ എത്താറുണ്ട്. ഓരോ കുഞ്ഞിന്റെയും ജനനത്തിൽ മാതാപിതാക്കളെ പോലെ തന്നെ സന്തോഷിക്കുന്ന ഡോ.ജയചന്ദ്രൻ ഇനി തമിഴ്നാട്ടിലേക്ക് ഒരു മടക്കം ഇല്ല എന്ന് പറയുന്നു.

ഗർഭപാത്രത്തിൽനിന്ന് 8.5 കിലോ മുഴ നീക്കം ചെയ്ത സംഭവം ഡോക്ടറുടെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു അനുഭവമാണ്. ലോകത്തിൽ ഇന്നുവരെ ഗർഭപാത്രത്തിൽനിന്ന് നീക്കം ചെയ്തിട്ടുള്ള മുഴകളിൽ രണ്ടാമത്തെ വലിപ്പമുള്ള മുഴ ആയിരുന്നു ഇത്. അതുപോലെ മറ്റ് ആശുപത്രികളിൽനിന്ന് തള്ളിക്കളഞ്ഞ്, മരണം മാത്രം മുന്നിൽ കണ്ട എണ്ണമില്ലാത്ത കേസുകൾ കൈകാര്യം ചെയ്ത് അവരെ ജീവനിലേക്ക് മടക്കിക്കൊണ്ടുവന്ന നിരവധി സംഭവങ്ങൾ പറയുമ്പോൾ ആ കണ്ണുകളുടെ തിളക്കം വല്ലാതെ വർധിക്കും.




ഭാര്യ തമിഴ്നാട്ടിലാണ്. ഏകമകൻ ആനന്ദ് ഇപ്പോൾ ഡോക്ടറായി. ഗൈനക്കോളജി തന്നെയാണ് മകന്റെയും പ്രവർത്തനരംഗം. ഇപ്പോൾ ഇതേ ആശുപത്രിയിൽ വന്ധ്യത ചികിത്സയും IVF ചികിത്സയും ശ്രദ്ധിക്കുന്നത് അദ്ദേഹമാണ്. കേരളം എങ്ങനെയുണ്ട് എന്ന് ചോദിച്ചപ്പോൾ നല്ല ഐശ്വര്യമുള്ള, ദൈവത്തിന്റെ സ്വന്തം നാട് എന്നായിരുന്നു മറുപടി.

ആശുപത്രിയാണ് അദ്ദേഹത്തിന്റെ വീടും ആരാധനാലയവുമെല്ലാം. ഹോട്ടലിൽ വാടകയ്ക്കെടുത്ത മുറിയിൽ കുളിക്കാൻവേണ്ടി മാത്രം എത്തും. ആ മിനുട്ടുകൾ മാത്രമാണ് ആശുപത്രിയിൽനിന്ന് പുറത്തുപോകുന്നത്. ഒരു രോഗിയെ ചികിത്സിക്കുമ്പോൾ അല്ലെങ്കിൽ പ്രസവം എടുക്കുന്നതിനിടയിൽ ദാഹവും വിശപ്പുമെല്ലാം അദ്ദേഹം മറക്കും. സമയം കിട്ടിയാൽ മാത്രം ഭക്ഷണം. ഉറക്കവും വിശ്രമവുമൊക്കെ ആശുപത്രിയിലെ ബെഞ്ചിലോ വരാന്തയിലോ മാത്രം. ഗർഭധാരണവും പ്രസവവും ഒരു രോഗമല്ല എന്നതാണ് അദ്ദേഹത്തിന്റെ പക്ഷം. ഏതുസമയവും ജന്മം നടക്കാം, തനിയെ പ്രസവിക്കുന്നതാണ് നല്ലത്. അത്യാവശ്യഘട്ടത്തിൽ മാത്രം ശസ്ത്രക്രിയ. എത്രയോ റഫറൽ കേസുകളാണ് ഓരോ ദിവസവും ശ്രീചിത്ര ഹോസ്പിറ്റലിൽ എത്തുന്നത്. എന്നാൽ ഇവിടെനിന്ന് ഒരു രോഗിയെപ്പോലും മറ്റൊരു ഹോസ്പിറ്റലിലേക്ക് റഫർ ചെയ്തിട്ടില്ല എന്നതും മറ്റൊരു വാസ്തവം. ആശുപത്രി ലാഭകരമാണോ എന്ന ചോദ്യത്തിന് ഞാനത് ശ്രദ്ധിക്കാറില്ല എന്നായിരുന്നു മറുപടി. കുറെ ലാഭം കിട്ടി പണം കൈയിൽ സ്വരൂപിച്ചിട്ട് എന്താ കാര്യം? ഈ ആയുസ്സ് എന്ന് അവസാനിക്കുമെന്ന് ഉറപ്പില്ല. അങ്ങനെയൊരു ലോകത്തിൽ ജീവിക്കാൻ ആവശ്യത്തിനപ്പുറം പണത്തിനു പ്രസക്തിയില്ല എന്നാണ് ഡോക്ടറുടെ പക്ഷം. ഒരു സന്യാസിയെപ്പോലെ ജീവിച്ചു തന്റെ കർമ്മമേഖലയിൽ ആത്മാർത്ഥ സേവനം നൽകിക്കൊണ്ടിരിക്കുന്ന കർമ്മയോഗിയാണ് ഡോക്ടർ ജയചന്ദ്രൻ.

സ്കൂൾ വിദ്യാഭ്യാസം പോലുമില്ലാതിരുന്ന അദ്ദേഹത്തിന്റെ അമ്മയായിരുന്നു വർഷങ്ങളായി അദ്ദേഹത്തിന്റെ നാട്ടിലെ സ്കൂളിൽ സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർത്തിക്കൊണ്ടിരുന്നത്. എല്ലാ ഞായറാഴ്ചകളിലും അമ്മയെ കാണാൻ അദ്ദേഹം നാട്ടിൽ പോകുമായിരുന്നു. കഴിഞ്ഞ വിഷുദിനത്തിൽ അമ്മ തൊണ്ണൂറ്റി മൂന്നാമത്തെ വയസ്സിൽ സന്തോഷവതിയായി ഈ ലോകത്തിൽനിന്ന് യാത്രയായി. പത്തനംതിട്ട ജില്ലയിൽ പന്തളത്തും പരിസരങ്ങളിലുമുള്ള 45 വയസ്സിൽ താഴെയുള്ള പലരും ജനിച്ചുവീണത് ഈ കൈകളിലാണ്.

വൈദ്യശാസ്ത്രം ദൈവികമായ ഒരു കർമ്മമാണ്. അതിൽ 100% വിജയിച്ച വ്യക്തിയാണ് ഡോ. ജയചന്ദ്രൻ. പണസമ്പാദനം മാത്രം ലക്ഷ്യമാക്കി ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന ന്യൂജൻ ഡോക്ടർമാർ ഇദ്ദേഹത്തെ ഒരു മാതൃകയാക്കിയിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു.